# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3448** **21.12.2012 ൽ മറുപടിയ്ക്ക്**

## ഫാം ഇൻഫർമേഷൻ ബ്യൂറോ

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. വി.ശിവൻകുട്ടി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| (എ) ഈ സർക്കാർ അധികാര മേറ്റെടുത്തതിനു ശേഷം സംസ്ഥാന കൃഷിവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോ കാർഷിക വിജ്ഞാന വ്യാപനരംഗത്ത് നടപ്പിലാക്കിയ പദ്ധതിക ളെയും പരിപാടികളെയും സംബന്ധിച്ചുള്ള വിശദാം ശങ്ങൾ ലഭ്യമാക്കുമോ ; | (എ) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോ (FIB) കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മണ്ണുപര്യവേഷണ-സംരക്ഷണം എന്നീ വകുപ്പുകളുടെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. പത്ര, ദൃശ്യ-ശ്രവ്യ ഇലക്ട്രോണിക്സ് മാധ്യമങ്ങൾ വഴിയാണ് ഈ പ്രവർത്തനം നടത്തുന്നത്. കൂടാതെ മേൽപ്പറഞ്ഞ വകുപ്പുകൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങളും യഥാസമയം കർഷകരിലെത്തിക്കുന്നുണ്ട്.<br><br>മലയാളത്തിലെ ഏറ്റവും പ്രചാരമുള്ള കാർഷിക പ്രസിദ്ധീകരണമായ 'കേരള കർഷകൻ' മാസിക ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ 12889 വിദ്യാലയങ്ങളിൽ സൗജന്യമായി നൽകിവരുന്ന കേരള കർഷകൻ മാസികയുടെ ഇപ്പോഴത്തെ വരിക്കാരുടെ എണ്ണം ഏകദേശം 1,20,000 ആണ്. ഇതിനു പുറമേ ഹരിതദളം എന്ന വാർത്താ പത്രികയും രണ്ടാഴ്ചയിലൊരിക്കൽ പ്രസിദ്ധീകരിച്ചു വരുന്നു. 'നൂറുമേനി' എന്ന കാർഷിക ടെലിവിഷൻ പരമ്പര ദൂരദർശനിലൂടെ ഫാം ഇൻഫർമേഷൻ ബ്യൂറോ എല്ലാ ഞായറാഴ്ചകളിലും സംപ്രേഷണം ചെയ്തു വരുന്നു. കാർഷികമേഖലയിലെ വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള ലഘുലേഖകൾ, പോസ്റ്ററുകൾ, ബുക്ക്ലെറ്റുകൾ എന്നിവ പ്രസിദ്ധീകരിക്കുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോ കേരളത്തിലുടനീളം കാർഷിക പ്രദർശനവും സംഘടിപ്പിക്കുന്നു. എല്ലാ വർഷവും ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര വ്യാപാരമേളയിലും ഫാം ഇൻഫർമേഷൻ ബ്യൂറോ പങ്കെടുക്കുന്നുണ്ട്. കാർഷികമേഖലയിലെ വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച പരസ്യങ്ങൾ ദിനപ്പത്രങ്ങളിലൂടെയും, എഫ്.എം റേഡിയോയിലൂടെയും, ദൃശ്യ-മാധ്യമങ്ങളിലൂടെയും അവതരിപ്പിക്കുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോ, മാധ്യമ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ട് മാധ്യമ ശിൽപശാലയും കാലാകാലങ്ങളായി നടത്തി വരുന്നു. |

| | | |
|---|---|---|
| | | ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിക്കുന്ന ഫാം ഗൈഡ് കാർഷിക കേരളത്തിന്റെ സമഗ്രരേഖയായി വിലയിരുത്തപ്പെടുന്നു. fibkerala.gov.in എന്ന വെബ്സൈറ്റിലൂടെ കാർഷിക മേഖലയിലെ നൂതന സാങ്കേതിക വിവരങ്ങൾ, കാലാവസ്ഥാ പ്രവചനം, വിപണി, പദ്ധതി വിവരം തുടങ്ങിയ വിവരങ്ങൾ നൽകുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കു വേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ബി) വിവിധ മേഖലകളിൽ നടപ്പിലാക്കിയ പരിപാടികൾക്ക് ആകെ 3,26,30,354 (മൂന്ന് കോടി ഇരുപത്തിയാറു ലക്ഷത്തി മുപ്പതിനായിരത്തി മുന്നൂറ്റി അൻപത്തിനാല് രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ഇനം | എണ്ണം | തുക (രൂപ) |
|---|---|---|---|
| 1. | കേരളകർഷകൻ | 19 ലക്ഷം | 2,35,36,445 |
| 2. | ഹരിതദളം | 40 ലക്ഷം | 2,49,550 |
| 3. | ഫാം ന്യൂസ് | 1274 | --- |
| 4. | പത്ര പരസ്യങ്ങൾ | 35 എണ്ണം | 30,15,223 |
| 5. | മാധ്യമ ശിൽപശാല | 1 | 2,01,826 |
| 6. | ഫാംഗൈഡ് | 1 (13000 കോപ്പി) | |
| 7. | ലഘുലേഖകൾ (9 ഇനം) | 50,62,000 എണ്ണം | |
| 8. | പോസ്റ്റർ (12 ഇനം) | 150000 എണ്ണം | 25,10,940 |
| 9. | ബുക്ക്ലെറ്റ് (9 ഇനം) | 765500 എണ്ണം | |
| 10. | കൈപ്പുസ്തകം (കൃഷി-മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ) | 1000000 എണ്ണം | |
| 11. | വെബ്സൈറ്റ് | | 70,000 |
| 12. | പത്രസമ്മേളനം | 6 എണ്ണം | 12,544 |
| 13. | പ്രസ് റിലീസ് | 300 എണ്ണം | |
| 14. | കാർഷിക പ്രദർശനം | 53 | 9,63,826 |
| 15. | ന്യൂറുമേനി | 69 എപ്പിസോഡ് | 20,70,000 |
| | | ആകെ | 3,26,30,354/- |

സെക്ഷൻ ഓഫീസർ